

TUESDAY 30-08-2022 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor : Suraj S** **Editor : Dr Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-30/08/2022.

1. കൃഷിവകുപ്പിന്റെ വിപണി ഇടപെടൽ നടപടിയുടെ ഭാഗമായി ഓണം സീസണിൽ ഇത്തവണ 2010 നാടൻ കർഷക ചന്തകൾ സജ്ജീകരിക്കണമെന്ന് കൃഷി മന്ത്രി പി പ്രസാദ് പറഞ്ഞു. കൃഷിവകുപ്പിന്റെ ഒപ്പം ഹോർട്ടികോർപ്പും വി എഫ് പി സി കെ യും സംയുക്തമായാണ് വിപണികൾ സംഘടിപ്പിക്കുന്നത്. കൃഷി വകുപ്പിന്റെ 1350 കർഷക ചന്തകളും ഹോർട്ടികോർപ്പിന്റെ 500 ചന്തകളും വി എഫ് പി സി കെ യുടെ 160 ചന്തകളുമാണ് സംസ്ഥാനമൊട്ടാകെ **സെപ്റ്റംബർ 4 മുതൽ 7** വരെയുള്ള നാല് ദിവസങ്ങളിൽ പ്രവർത്തിക്കുക. കർഷക ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ സെപ്റ്റംബർ മൂന്നിന് വൈകുന്നേരം തിരുവനന്തപുരത്തെ ഹോർട്ടികോർപ്പ് വിപണിയിൽ വച്ച് നിർവഹിക്കും. കൃഷിവകുപ്പിന്റെ കീഴിലുള്ള ഞങ്ങളും കൃഷിയിലേക്ക് പദ്ധതി പ്രകാരം രൂപീകൃതമായ കൃഷി കൂട്ടങ്ങൾ, ഏകതയുടെ ക്ലസ്റ്ററുകൾ, എക്കോ ഷോപ്പുകൾ, ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് ഓർഗനൈസേഷൻ എന്നിവയുടെ സഹകരണത്തോടെയാണ് കൃഷിഭവൻ തലത്തിൽ വിപണികൾ സംഘടിപ്പിക്കുക. കർഷകരിൽ നിന്നും നേരിട്ട് സംഭരിക്കുന്ന പച്ചക്കറികൾ പൊതു വിപണിയിലെ വിലയേക്കാൾ 10% അധികം വില നൽകി സംഭരിക്കുകയും ഓണവിപണികളിലൂടെ വിൽപന നടത്തുമ്പോൾ പൊതുവിപണിയിലെ വിൽപന വിലയേക്കാൾ 30% കുറഞ്ഞ വിലയ്ക്ക് ഇത് ഉപഭോക്താക്കൾക്ക് നൽകുന്നതുമാണ്.

2. കൊല്ലം ജില്ലയിലെ കുരിയോട്ടുമല ഫാം ടൂറിസത്തിന്റെ ഉദ്ഘാടനം നാളെ (ആഗസ്റ്റ് 31-ന്) വൈകുന്നേരം 3 മണിക്ക് മൃഗസംരക്ഷണ, ക്ഷീരവികസന വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണിയുടെ അദ്ധ്യക്ഷതയിൽ കുരിയോട്ടുമല ഡയറി ഫാമിൽ കൂടുന്ന യോഗത്തിൽ ടൂറിസം - പൊതുമരാമത്ത് വകുപ്പ് മന്ത്രി അഡ്വ. പി.എ മുഹമ്മദ് റിയാസ് നിർവഹിക്കും.

3. പെരിങ്ങമ്മല ജില്ലാ കൃഷിത്തോട്ടത്തിൽ മാവ്, പ്ലാവ്, സപ്പോട്ട, റമ്പൂട്ടാൻ എന്നിവയുടെ ഡ്രാഫ്റ്റ് തൈകൾ, പച്ചക്കറി വിത്തുകൾ, പച്ചമാങ്ങ, വാഴപ്പിണ്ടി, പാഷൻ ഫ്രൂട്ട് സ്ക്വാഷ് എന്നിവയും, അലങ്കാര ചെടികൾ, തെങ്ങിൻ തൈകൾ, മംഗള ഇനത്തിൽപ്പെട്ട നാടൻ അടയ്ക്കാതൈകൾ എന്നിവയും വിൽപനയ്ക്ക് ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് **9400086566** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. റബ്ബർബോർഡിലെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ എഞ്ചിനീയറിങ് ആന്റ് പ്രോസ്സസിങ് ഡിവിഷന്റെ കീഴിൽ പ്രവർത്തിക്കുന്ന സെൻട്രൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറിയിലെ അഞ്ച് ഒഴിവുകളിലേക്ക് '**അനലിറ്റിക്കൽ ട്രെയിനി**'കളെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് 'വാക്ക് ഇൻ ഇന്റർവ്യൂ' നടത്തുന്നു. നാല് ഒഴിവുകളുള്ള ഒന്നാമത്തെ വിഭാഗത്തിലേക്ക് അപേക്ഷിക്കുന്നവർക്ക് രസതന്ത്രത്തിൽ ബിരുദാനന്തരബിരുദമോ ബിരുദമോ ഉണ്ടായിരിക്കണം ഒരൊഴിവുള്ള രണ്ടാമത്തെ വിഭാഗത്തിലേക്ക് പോളിമറിലോ റബ്ബർ ടെക്നോളജിയിലോ ഡിപ്ലോമ ഉള്ളവർക്ക് അപേക്ഷിക്കാം. രണ്ടു വിഭാഗങ്ങളിലെയും അപേക്ഷകർക്ക് കമ്പ്യൂട്ടർ പരിജ്ഞാനവും ഉണ്ടായിരിക്കണം. താൽപര്യമുള്ളവർ **സെപ്റ്റംബർ 6**-ന് രാവിലെ 9 മണിക്ക് കോട്ടയത്ത് പുതുപ്പള്ളിയിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി പ്രോസ്സസിങ് ആന്റ് ക്വാളിറ്റി കൺട്രോൾ ജോയിന്റ് ഡയറക്ടർ മുമ്പാകെ ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് www.rubberboard.gov.in സന്ദർശിക്കുകയോ, **0481 2353311** (എക്സ്റ്റൻഷൻ-236) എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

**പരിശീലന പരിപാടികൾ**

5. പട്ടാമ്പി കൃഷി വിജ്ഞാന കേന്ദ്രത്തിൽ **സൗരോർജ്ജം-ഊർജ്ജ സംരക്ഷണത്തിനും മാലിന്യമുക്ത അന്തരീക്ഷത്തിനും** എന്ന വിഷയത്തിൽ നാളെ (ആഗസ്റ്റ് 31) പരിശീലനം നടത്തുന്നു. സൗരോർജ്ജത്തിന്റെ വിവിധ ഉപയോഗങ്ങളെക്കുറിച്ചും അതിനാവശ്യമായ ഉപകരണങ്ങളെക്കുറിച്ചും വിശദമായി പ്രതിപാദിക്കുന്നതാണ് പരിശീലന പരിപാടി. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി **6282937809, 0466 2912008, 0466 2212279** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

6. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന ജനകീയ മത്സ്യകൃഷി പദ്ധതിയുടെ ഘടക പദ്ധതികളിലേക്ക് അപേക്ഷ ക്ഷണിച്ചു. ശാസ്ത്രീയ ശുദ്ധജല മത്സ്യകൃഷി, സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി, ഒരു നെല്ലും ഒരു മീനും പദ്ധതി, പടുതാ കുളങ്ങളിലെ മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം ബയോഫ്ളോക്, കൂട് മത്സ്യകൃഷി, ഞണ്ട് കൃഷി, കുളങ്ങളിലെ പൂമീൻ കൃഷി, കുളങ്ങളിലെ കരിമീൻ കൃഷി, കുളങ്ങളിലെ ചെമ്മീൻ കൃഷി, ഒരു നെല്ലും ഒരു ചെമ്മീനും പദ്ധതി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

എന്നിവയാണ് വിവിധ ഘടക പദ്ധതികൾ. എല്ലാ പദ്ധതികളുടെയും നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ ആലപ്പുഴ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിലും മത്സ്യഭവനുകളിലും ലഭിക്കുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം **ഓഗസ്റ്റ് 31** ന് വൈകുന്നേരം നാലു വരെ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് **0477 2252814, 0477 2251103** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

7. മഷ്റൂം ഫാർമേഴ്സ് ആൻഡ് ബൈപ്രോഡക്ട്സ് പ്രോഡ്യൂസേഴ്സ് വെൽഫെയർ സൊസൈറ്റി കൂൺപുരയുടെ നേതൃത്വത്തിൽ **സെപ്റ്റംബർ മാസം ഒന്നിന്** രാവിലെ പത്ത് മണി മുതൽ കൈമനം കൂൺപുരയിൽ വച്ച് സൗജന്യ കൂൺകൃഷി പരിശീലനം നടത്തുന്നു. കൃഷിക്ക് ആവശ്യമായ വിത്തും മറ്റ് സാധനങ്ങളും എത്തിച്ചുകൊടുക്കുന്നതോടൊപ്പം കർഷകരിൽ നിന്നും കൂൺ വിലയ്ക്ക് എടുക്കുന്നതുമാണ്. കൂടാതെ ഗ്രൂപ്പുകൾക്കും, സംഘടനകൾക്കും, അവരവരുടെ സ്ഥലത്ത് പോയി പരിശിലനം നൽകുന്നതോടൊപ്പം കൃഷിക്കാവശ്യമായ വിത്തും മറ്റ് സാധനങ്ങളും നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9847328975, 9447002290** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

8. കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് **സെപ്റ്റംബർ 5 , 6** തീയതികളിൽ രാവിലെ 10 മണി മുതൽ **തീറ്റപ്പുൽക്കൃഷി** എന്ന വിഷയത്തിൽ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 20 രൂപ രജിസ്ട്രേഷൻ ഫീസ് സെപ്റ്റംബർ 05-ന് പരിശീലനത്തിന് എത്തുമ്പോൾ അടയ്ക്കേണ്ടതും ആധാർ കാർഡിന്റെ കോപ്പി, ബാങ്ക് പാസ്ബുക്കിന്റെ കോപ്പി എന്നിവ ഹാജരാക്കേണ്ടതുമാണ്. പരിശീലനാർത്ഥികൾക്ക് യാത്രാക്കൂലിയായി 100 രൂപയും പ്രതിദിന ദിനബത്ത 150 രൂപയും ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0481 2302223** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് സെപ്റ്റംബർ 02-ന് **തേനീച്ചവളർത്തലിൽ** ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 2353127** എന്ന ഫോൺ നമ്പരിലോ **04812351313** എന്ന വാട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാം .

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

10. മലമ്പുഴ മൃഗസംരക്ഷണ കേന്ദ്രത്തിൽ വച്ച് നാളെ (ആഗസ്റ്റ് 31) രാവിലെ 10 മണി മുതൽ 4 മണി വരെ **പശു വളർത്തൽ** എന്ന വിഷയത്തിൽ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പങ്കെടുക്കുന്നവർ ആധാർ കാർഡിന്റെ കോപ്പി കൊണ്ടുവരേണ്ടതാണ്. താൽപ്പര്യമുള്ളവർ **0491–2815454, 9188522713** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം